"ഭരണഭാഷ മാതൃഭാഷ"

നം.ടി1/24056/2020/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 24 /08/2020
ഫോൺ: 0471-2306580
Email: postmatricscholarship@gmail.com

## സർക്കുലർ

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോറിറ്റീസ് (2020-21)**

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2020-21 ഓൺലൈൻ അപേക്ഷകൾ വിദ്യാർത്ഥികളിൽ നിന്നും സ്വീകരി യ്ക്കുന്നതിനായി വെബ്സൈറ്റ് ഓപ്പൺചെയ്തിട്ടുള്ളത് സംബന്ധിച്ച്

സൂചന: 1)കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നുള്ള 14-08-2020-ാം തീയതിയിലെ കത്ത് നമ്പർ. F.No.SS-15/19/2020 Scholarship - MoMA
2)കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുള്ള 14.08.2020 തീയതിയിലെ ഇ-മെയിൽ.

******

കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിൽ ഉൾപ്പെട്ട (മുസ്ലീം/ക്രിസ്ത്യൻ/ സിഖ്/ബുദ്ധ/പാഴ്സി/ജൈന) പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് 2020-21 കാലയളവിൽ നൽകുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോറിറ്റീസിനായി www.scholarships.gov.in എന്ന വെബ്സൈറ്റ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനായി ഓപ്പൺ ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി www.scholarships.gov.in എന്ന വെബ്സൈറ്റിലെ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ എന്ന വെബ് പേജ് മുഖാന്തിരം 2020 ഒക്ടോബർ 31-ാം തീയതി വരെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി ഓൺലൈൻ അപേക്ഷകൾ (ഫ്രെഷ്/റിന്യൂവൽ) സമർപ്പിക്കാവുന്നതാണ്. ഓൺലൈനായല്ലാതെ സമർപ്പിക്കപ്പെടുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല.

Endt No. Acd.Sp(1)/186005/20/HSE തീയതി: 28/10/2020

സർക്കുലർ.

O/C കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള മേൽ സർക്കുലർ എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെയും, അറിവിലേക്കും അനന്തര നടപടികൾക്കു മായി അയക്കുന്നു.

ജോയിന്റ് ഡയറക്ടർ (അക്കാദമിക്)

28/10

## സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

1) അപേക്ഷകർ കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം/ക്രിസ്ത്യൻ/സിഖ്/ബുദ്ധ/പാർസി/ജൈന സമുദായങ്ങളിലൊന്നിൽ ഉൾപ്പെട്ടവരായിരിക്കണം.

2) അപേക്ഷകർ താഴെപറയുന്ന കോഴ്സുകളിലൊന്നിലെ വിദ്യാർത്ഥിയും മുൻവർഷത്തെ ബോർഡ്/യൂണിവേഴ്സിറ്റി പരീക്ഷയിൽ 50% ത്തിൽ കുറയാത്ത മാർക്കോ തത്തുല്യ ഗ്രേഡോ ലഭിച്ചവരും ആയിരിക്കണം.

(i) ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ ഹയർസെക്കന്ററി/ ഡിപ്ലോമ/ബിരുദം/ബിരുദാനന്തരബിരുദം/എം.ഫിൽ/പി.എച്ച്.ഡി കോഴ്സുകൾക്ക് പഠിക്കുന്നവർ

(ii) എൻ.സി.വി.ടി യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.ടി.ഐ/ഐ.ടി.സി സെന്ററുകളിലെയും ടെക്നിക്കൽ/വൊക്കേഷണൽ സ്കൂളുകളിലെയും ഹയർ സെക്കണ്ടറി തത്തുല്യ കോഴ്സുകളിൽപഠിക്കുന്നവർ

(iii) മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിന്റെ പരിധിയിൽവരാത്ത കോഴ്സുകളിൽ പഠിക്കുന്നവർ.

3) കോഴ്സിന്റെ മുൻവർഷം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾ മുൻവർഷത്തെ രജിസ്ട്രേഷൻ ഐ.ഡി ഉപയോഗിച്ച് റിന്യൂവലായി അപേക്ഷിക്കേണ്ടതാണ്.

4)അപേക്ഷകരുടെ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

5)അപേക്ഷകർ മറ്റ് സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റോ കൈപ്പറ്റുന്നവർ ആയിരിക്കരുത്

6)അപേക്ഷകർക്ക് ഐ.എഫ്.എസ്.സി കോഡുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ ആക്ടീവായ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.

7) കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾ കേരളം Domicile ആയി തിരഞ്ഞെടുത്ത് ഓൺലൈൻ ആയി അപേക്ഷിക്കേണ്ടതാണ്.

8)ഒരേ കുടുംബത്തിൽപ്പെട്ട രണ്ടിൽ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല.

9)അപേക്ഷകർക്ക് നിർബന്ധമായും സ്ഥിരമായ ഒരു മൊബൈൽ നമ്പർ ഉണ്ടായിരിക്കണം.

10)വിദ്യാർത്ഥികൾക്ക് നിർബന്ധമായും ആധാർ നമ്പർ ഉണ്ടായിരിക്കേണ്ടതും ഇത് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കേണ്ടതുമാണ്.

11)സ്കോളർഷിപ്പ് നൽകുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

12) സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ, അപേക്ഷിക്കേണ്ട രീതി, തുടർ നടപടി എന്നിവ കേന്ദ്രഗവൺമെന്റിന്റെ National Scholarship Portal ആയ <u>www.scholarships.gov.in</u> ൽ ലഭ്യമാണ്.

13). ഫ്രഷ്, റിന്യൂവൽ അപേക്ഷകൾ <u>www.scholarships.gov.in</u> എന്ന വെബ്സൈറ്റിലൂടെ <u>**2020 ഒക്ടോബർ 31 നകം**</u> <u>**ഓൺലൈനായി**</u> സമർപ്പിക്കേണ്ടതാണ്. <u>**മാന്വൽ അപേക്ഷകൾ**</u> ഒരു <u>**കാരണവശാലും പരിഗണിക്കുന്നതല്ല.**</u>

14) വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിച്ചശേഷമുള്ള അപേക്ഷ ഫോമിന്റെ പ്രിന്റൗട്ട് അനുബന്ധ രേഖകളുടെ പകർപ്പുകൾ സഹിതം പഠിക്കുന്ന സ്ഥാപനത്തിൽ ഏൽപ്പിക്കുകയും ആപ്ലിക്കേഷൻ ഐ.ഡി. വിദ്യാർത്ഥികൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

15) 2020-21 അദ്ധ്യയന വർഷത്തെ ഫീസ് വിവരങ്ങൾ ഇൻസ്റ്റിറ്റ്യൂഷൻ ലെവലിൽ പൂരിപ്പിക്കേണ്ടതാണ്.

16). ഇൻസ്റ്റിറ്റ്യൂഷൻസിലെ സ്കോളർഷിപ്പ് നോഡൽ ഓഫീസർമാർ ഓൺലൈനായി ലഭിച്ച അപേക്ഷകൾ വെരിഫൈ ചെയ്ത് അപ്രൂവ് നൽകേണ്ടതും, അപേക്ഷകൾ അതാത് ഇൻസ്റ്റിറ്റ്യൂഷനിൽ സൂക്ഷിക്കേണ്ടതുമാണ്. ഈ അപേക്ഷകൾ സ്കോളർഷിപ്പ് സ്റ്റേറ്റ് നോഡൽ ഓഫീസർ അതതു സ്ഥാപനങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതാണ് പരിശോധന സമയത്ത് അപാകത ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റദ്ദാക്കുന്നതും ഇൻസ്റ്റിറ്റ്യൂഷൻ നോഡൽ ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതും ടിയാന്റെ അശ്രദ്ധമൂലം കുട്ടികൾക്കും സർക്കാരിനും ഉണ്ടാകുന്ന ബാധ്യതയ്ക്ക് ടിയാൾ മാത്രമായിരിക്കും ഉത്തരവാദിയെന്നുമുള്ള വിവരം അറിയിക്കുന്നു.

17) വ്യാജ അപേക്ഷകൾ സമർപ്പിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

********************

താഴെപ്പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതും ആയതിന്റെ പകർപ്പ് വിദ്യാഭ്യാസ സ്ഥാപന ഓഫീസിൽ നൽകേണ്ടതുമാണ്.

1. കുടുംബ വാർഷിക വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (നിയമം അനുശാസിയ്ക്കുന്ന കാലാവധിയ്ക്കുള്ളിലെ)
2. എസ്/എസ്.എൽ.സി.സർട്ടിഫിക്കറ്റ്
3. ഫോട്ടോ
4. ആധാർ കാർഡ്
5. ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ തുടങ്ങിയവ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

4. ഓൺലൈൻ അപേക്ഷയിലെ വിവരങ്ങളിലും വിദ്യാർത്ഥികൾ തങ്ങളുടെ ഇൻസ്റ്റിറ്റ്യൂഷൻസിൽ സമർപ്പിക്കുന്ന പ്രിന്റൗട്ടിലെയും അനുബന്ധരേഖകളുടെ പകർപ്പുകളിലേയും വിവരങ്ങളിൽ വ്യത്യാസം ഉണ്ടാകരുത്.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 2020-21 സംബന്ധിച്ച വിശദാംശങ്ങൾ www.scholarships.gov.in, www.minorityaffairs.gov.in, www.dcescholarship.kerala.gov.in, www.collegiateedu.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് postmatricscholarship@gmail.com എന്ന ഇ-മെയിൽ ഐ.ഡിയിലോ 0471-2306580, 9446096580, 9446780308 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി